# ഇന്നത്തെ ആഭരണ പെന്തക്കോസ്തു സഭകൾ:
# നാളത്തെ പ്രശ്നങ്ങൾ

പ്രൊഫസർ ഏഴംകുളം സാംകുട്ടി

വിവിധ രംഗങ്ങളിൽ പെന്തക്കോസ്തു സമുദായത്തിന് വീഴ്ച സംഭവിച്ചു കഴിഞ്ഞതുകൊണ്ട് ഇനി ആഭരണ വിഷയത്തിലും വീഴ്ച ക്ഷണിച്ചു വരുത്തണമോ? ഒഴുക്കിന് അനുകൂലമായി ഒഴുകി നശിക്കാനുള്ള ഒരു തീരുമാനമാണോ നാം ഇപ്പോൾ എടുക്കേണ്ടത്? ഉറച്ചു ചിന്തിക്കേണ്ട വിഷയങ്ങളിലൊന്നാണിത്.

പിതാക്കന്മാരും മാതാക്കളും ഒരിക്കൽ ഇട്ട അതിരുകൾ നീക്കിക്കളഞ്ഞാലോ? ഇപ്പോൾ ചെവി തുളച്ചായിരിക്കും ആഭരണങ്ങൾ തൂക്കിയിടുന്നത്. പത്തുവർഷം കഴിയുമ്പോഴോ? ആഭരണങ്ങൾ തൂക്കിയിടാൻ വേണ്ടി പൊക്കിളിനു ചുറ്റും ദ്വാരങ്ങൾ ഉണ്ടാക്കും. പിന്നെ മൂക്കും നാക്കും കൂടി തുളച്ചു കിഴിക്കും.

ചെവികളിൽ കമ്മലുകൾ തൂക്കിയിടുന്നവർക്കും കഴുത്തിൽ മാല അണിയുന്നവർക്കും സഭാംഗത്വം കൊടുക്കുമ്പോൾ, മൂക്കിലും നാക്കിലും പുരികത്തും ആഭരണങ്ങൾ അണിയുന്നവർക്ക് സഭാംഗത്വം വിലക്കാനൊക്കുമോ? മൂക്കിനും നാക്കിനും വേണ്ടി പ്രത്യേക പ്രമാണം വല്ലതും തിരുവചനത്തിലുണ്ടോ? ഉണ്ടെങ്കിൽ അടിസ്ഥാനവാക്യങ്ങൾ കാണിച്ചുതരാൻ ചിലർ ആവശ്യപ്പെട്ടെന്നു വരും.

ആഭരണം ധരിക്കാൻ വേണ്ടി പരിശുദ്ധാത്മാവിന്റെ മന്ദിരമായ ശരീരത്തെ കുത്തിമുറിച്ച് വേദനിപ്പിച്ച് രക്തം ഒഴുക്കി ദ്വാരങ്ങൾ ഉണ്ടാക്കിയെടുക്കുന്നതു ശരിയാണോ? സാവകാശമായി പ്രാർത്ഥനയോടെ ചിന്തിച്ചുനോക്കുക.

എന്റെ വിദ്യാർത്ഥികളിൽ മിക്കവർക്കും ആഭരണങ്ങൾ ഉണ്ട്. ചെവി മുതൽ പൊക്കിൾ വരെ. അക്കൂട്ടത്തിൽ കത്തോലിക്കരുണ്ട്. ബാപ്റ്റിസ്റ്റുകാർ ഉണ്ട്. നിരീശ്വരവാദികളും ഉണ്ട്. ഇടയ്ക്കിടെ പെന്തക്കോസ്തു വനിതകളും ഇത്തരം ആഭരണങ്ങൾ അഭിമാനപൂർവ്വം പ്രദർശിപ്പിച്ചു നടക്കുന്നതു കണ്ടിട്ടുണ്ട്. ആഭരണധാരികളായ ആൺകുട്ടികളും എന്റെ ക്ലാസ്സുകളിൽ ഉണ്ട്.

അമേരിക്കൻ സർവ്വകലാശാലകളിലെ കാര്യമാണു ഞാൻ പറഞ്ഞത്. സഭാമന്ദിരങ്ങളിലെ കാര്യമോ? മൂക്കിൽ സ്വർണ്ണ കടുക്കനും പൊക്കിളിൽ സിൽവർ റിംഗും പുരികവരമ്പുകളിൽ പ്ലാറ്റിനം ക്ലിപ്പും കീഴ്ചുണ്ടിൽ പളുങ്കു വളയങ്ങളും കിഴിച്ചും കൊളുത്തിയും ധരിക്കുന്ന പുരുഷന്മാരും സ്ത്രീകളും ഇപ്പോൾ അമേരിക്കയിലെ പെന്തക്കോസ്തു സഭകളിലുണ്ട്. നാക്കു കിഴിച്ച് ആഭരണങ്ങൾ തൂക്കിയിടുന്ന പെന്തക്കോസ്തു യുവതികളെയും യുവാക്കളെയും ഇടയ്ക്കിടെ കാണാറുണ്ട്. ഉച്ചാരണ വൈകല്യത്തോടുകൂടിയേ അവർക്ക് “പ്രയ്സ് ദ ലോർഡ്” എന്നു പറയാനൊക്കൂ എന്നു ഞാൻ ഊഹിക്കുകയാണ്. “പ്രയ്സ് ദ ലോർഡ്” “പെയ്സ് ദ ലോഡ്” എന്നേ പറയാനൊക്കൂ. “ഹാലേലൂയ്യാ” “ഹായേയൂവ്വാ” എന്ന് സ്വരഭേദം സ്വീകരിച്ചെന്നു വരും. നാക്കിന്റെ മുന്നറ്റത്ത് ലോഹവളയം തടസ്സം സൃഷ്ടിക്കുന്നതുകൊണ്ട് ജീസസിനെ “ഈഷശ്” എന്നായിരിക്കും അവർ വിളിച്ചു പ്രാർത്ഥിക്കുന്നത്.

ഒഴുക്കിന് അനുകൂലമായി ഒഴുകി നീങ്ങാൻ ഒരു കൂട്ടം ക്രിസ്ത്യാനികൾ പണ്ട് വോട്ടിട്ട് ഭൂരിപക്ഷാടിസ്ഥാനത്തിൽ തീരുമാനിച്ചതിന്റെ പരിണിതഫലമാണ് നാം ഇന്ന് അമേരിക്കയിൽ കാണുന്നത്.

കേരളത്തിലെ പെന്തക്കോസ്തു സഭകളിലെ ഇന്നത്തെ പ്രശ്നം കഴുത്തിൽ ചെറിയ ഒരു മാല അണിഞ്ഞു വരുന്നവർക്ക് സഭാംഗത്വം നൽകാമോ എന്നതാണ്. ഭാവിയിലെ പ്രശ്നമോ? കീഴ്ചുണ്ടിൽ വളയങ്ങളും പുരികങ്ങളിൽ കൊളുത്തുകളുമായി വരുന്നവർക്ക് സ്നാനം നൽകാമോ - അംഗത്വം നൽകാമോ - കർത്തൃമേശയിൽ നിന്ന് അപ്പവും വീഞ്ഞും നൽകാമോ - എന്നൊക്കെ ആയിരിക്കും! വേലി പൊളിച്ചിട്ടാൽ കടുവ കയാറാതിരിക്കുമോ? അണക്കെട്ട് തല്ലിപ്പൊട്ടിച്ചാൽ വെള്ളച്ചാട്ടം പിടിച്ചു നിർത്താനൊക്കുമോ?

ഒരു പത്തു വർഷത്തിനകം സംഭവിച്ചേക്കാവുന്ന ദോഷഫലങ്ങൾകൂടി മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം നാം ഈ വിഷയത്തെപ്പറ്റി ചിന്തിക്കേണ്ടത്.

ആഭരണത്തെ അനുകൂലിച്ചു സംസാരിക്കുന്ന പ്രിയപ്പെട്ട പാസ്റ്റർമാരോട് ഒരു ചോദ്യം: പുരികങ്ങളിൽ പ്ലാറ്റിനം ക്ലിപ്പിട്ട ഒരു പെൺകുട്ടിയോ ആൺകുട്ടിയോ നിങ്ങളുടെ ആരാധനാ യോഗത്തിൽ സംബന്ധിച്ച് കർത്തൃമേശയിലെ അപ്പക്കഷണത്തിനുവേണ്ടി വായ് തുറന്ന് ചേരയെപ്പോലെ സ്വർണവളയമിട്ട നാക്കു നീട്ടിക്കാണിച്ചാൽ ആ പെൺകുട്ടിക്ക് (അല്ലെങ്കിൽ ആൺകുട്ടിക്ക്) തിരുമേശയിൽ പങ്കുണ്ടാവുമോ? അപ്പവും വീഞ്ഞും നൽകുമോ?

ഈ പ്രശ്നം ചിന്തിച്ചു തുടങ്ങാൻ സമയമായി. സമീപഭാവിയിൽ നിങ്ങൾ നേരിടാൻ സാധ്യതയുള്ള വെല്ലുവിളികളിലൊന്നാണിത്. നാളത്തെ പ്രശ്നങ്ങളുടെ കൂട്ടത്തിൽ ഇതുകൂടി ഉൾപ്പെടുത്തി ചിന്തിച്ചാലും.

പ്രായപൂർത്തിയായ മക്കൾ മാതാപിതാക്കളുടെ പ്രമാണങ്ങളെ ധിക്കരിച്ച് അയോഗ്യമായ വസ്ത്രം ധരിച്ചാൽ, അതിനു ഞാൻ മാതാപിതാക്കളെ ഒരിക്കലും കുറ്റം പറയുകയില്ല. എന്നാൽ, മാതാപിതാക്കൾ തന്നെ പ്രമാണങ്ങളെ ധിക്കരിച്ചാലോ? വേലി തന്നെ വിളവു തിന്നാലോ? മക്കളുടെ സമ്മർദ്ദത്തിനു വഴങ്ങി, മാതാപിതാക്കൾ മക്കളുടെ വിവാഹത്തിന് നെറ്റിപ്പട്ടം പതിച്ച വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു വന്നാലോ? ആർഭാടത്തിൽ മയങ്ങി വിവാഹശുശ്രൂഷയെ വിവാഹമേളയാക്കി മാറ്റാൻ പണം കൊടുത്ത് ഒത്താശ നിന്നാലോ? വിവാഹവേദിയിൽ ആഭരണങ്ങൾ ധരിക്കാതെയും, വിവാഹശുശ്രൂഷയ്ക്കുശേഷം അല്പനേരം കഴിഞ്ഞ് സദ്യയുടെ സമയത്ത് വേഷം മാറി ആഭരണങ്ങൾ ധരിച്ചും പെൺകുട്ടികൾ ആൾമാറാട്ടം നടത്തിയാലോ?

ആഭരണം ധരിച്ചവരുടെ വിവാഹങ്ങളിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. എന്നാൽ, വിവാഹ ശുശ്രൂഷയിൽ ആഭരണം ധരിക്കാതെയും അരമണിക്കൂർ കഴിഞ്ഞ് സദ്യയിൽ ആഭരണങ്ങൾ ധരിച്ചും പ്രത്യക്ഷപ്പെട്ട് നമ്മെ വിഡ്ഢികളാക്കാൻ ശ്രമിക്കുന്നവരുടെ വിവാഹശുശ്രൂഷകളിൽ "അനുഗ്രഹപ്രസംഗം" നടത്താൻ എന്നെ ക്ഷണിക്കരുതേ എന്നു ഞാൻ പലരെ അറിയിച്ചിട്ടുണ്ട്.

പെൺകുട്ടികൾക്ക് ആഭരണങ്ങളോട് താത്പര്യം തോന്നുക ഇന്ത്യൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ സ്വാഭാവികമാണ്. പെന്തക്കോസ്തുകാരുടെ പെൺമക്കളും ആഭരണങ്ങൾ ധരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചെന്നുവരും.

ആഗ്രഹങ്ങൾക്കു വഴങ്ങി വാങ്ങിക്കൊടുത്താലോ?

മയിലാഞ്ചി അരച്ചുപുരട്ടി, കുപ്പിവളകൾ കിലുക്കി, രണ്ടു ചെവികളിലും കമ്മലുകൾ ആട്ടി ഉലച്ച് ക്രിസ്തുവിന്റെ ലളിത സുവിശേഷം പ്രഘോഷിക്കുന്ന വനിതകൾ പെന്തക്കോസ്തു യോഗങ്ങളിൽ പ്രത്യക്ഷപ്പെടും, തീർച്ച.

കേൾവിക്കാരുടെ ശ്രദ്ധ യേശുക്രിസ്തുവിൽ ആയിരിക്കും എന്ന് തീർത്തുപറയാൻ പറ്റുമോ? വയലോരങ്ങളിലെ കമുകിൻ വൃക്ഷങ്ങളുടെ ഉച്ചിയിൽ ആടി ഉലയുന്ന കുരുവിക്കൂടുകൾ നാം കൗതുകപൂർവ്വം കണ്ടുനില്ക്കാറുണ്ടല്ലോ. പെന്തക്കോസ്തു സുവിശേഷ വനിതകളുടെ തോളിനു തൊട്ടു മുകളിലായി ചുറ്റുവട്ടം ചലിക്കുന്ന കമ്മലുകളിലേക്കായിരിക്കും ശ്രോതാക്കൾ – പ്രത്യേകിച്ച് പെൺകുട്ടികൾ – ആകൃഷ്ടരാകുന്നത്. കേൾവിക്കാരുടെ ശ്രദ്ധയെ ക്രൂശിതനായ യേശുവിൽ നിന്ന് വ്യക്തികളിലേക്കും വ്യക്തികളുടെ വേഷാലങ്കാരങ്ങളിലേക്കും തിരിച്ചു വിടുന്ന സുവിശേഷകരും ഗായകരും ദൈവരാജ്യത്തിനു കൊള്ളാവുന്നവരല്ല.

പെന്തക്കോസ്തു സഭകളിലെ അംഗങ്ങൾ ഒരു നൂറ്റാണ്ടായി ആഭരണവർജ്ജനം പാലിച്ചുവരുന്നു. പുരുഷമേധാവിത്വം സ്ത്രീകളുടെ മേൽ അടിച്ചേല്പിച്ചതാണ് ഈ പാരമ്പര്യം എന്നൊരു ചിന്താഗതി ചിലർ പ്രചരിപ്പിച്ചുവരുന്നു. അടുത്തയിടെ ഒരു പെന്തക്കോസ്തു പ്രസിദ്ധീകരണത്തിൽ അച്ചടിച്ച ഒരു ലേഖനവും ഈ ആരോപണം ഉന്നയിച്ചിരുന്നു.

കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി അമേരിക്കയിലെ സാമുദായിക സഭകളിൽ നിന്ന് ലക്ഷക്കണക്കിനാളുകൾ പാരമ്പര്യ പെന്തക്കോസ്തു സഭകളിലേക്ക് ഇരച്ചുകയറി. അതോടെ പെന്തക്കോസ്തു സഭകൾ പലതും ആഭരണ നിരോധനത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചകൾ വരുത്തി തുടങ്ങി.

കഴിഞ്ഞ നൂറുവർഷത്തെ അമേരിക്കയിലെ സഭാചരിത്രം പഠിച്ചാൽ ഒരു കാര്യം വ്യക്തമാകും: സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും ആഭരണങ്ങൾ ഉപേക്ഷിച്ചിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം മുതൽ പെന്തക്കോസ്തു-ഹോളിനസ് പ്രസ്ഥാനങ്ങളിലെ പുരുഷന്മാർ മോതിരം, മാല, സ്വർണ്ണവാച്ചുകൾ ഇവ ഉപേക്ഷിച്ചിരുന്നു. ഒട്ടേറെ പേർ വിവാഹമോതിരം പോലും ധരിച്ചിരുന്നില്ല. ബാപ്റ്റിസ്റ്റ്, മെഥഡിസ്റ്റ് സഭകളിലും ആഭരണങ്ങൾ ഉപേക്ഷിച്ചവരുണ്ടായിരുന്നു.

ആഭരണവർജ്ജനം സ്ത്രീകൾക്കെതിരെ പുരുഷന്മാർ അടിച്ചേല്പിച്ച പ്രമാണമാണെന്ന് ആരോപണം തൊടുത്തുവിടുന്നവരോട് ഒരു ചോദ്യം: പുരുഷന്മാരിൽ ആഭരണവർജ്ജനം എന്ന പാരമ്പര്യം അടിച്ചേല്പിച്ചത് ആരാണ്?

പെന്തെക്കോസ്തുണർവ്വ് ആളിക്കത്തിയപ്പോൾ സ്ത്രീകളേക്കാൾ തിടുക്കത്തോടുകൂടി പുരുഷന്മാരാണ് ത്യാഗമനോഭാവത്തോടെ മുമ്പോട്ടിറങ്ങിയത്. ആയിരക്കണക്കിന് പുരുഷന്മാർ മദ്യവും പുകയിലയും ഉപേക്ഷിച്ചു. സെക്കുലർ നാടകം, നൃത്തം തുടങ്ങിയ ലൗകിക വിനോദങ്ങൾ വേണ്ടെന്നു വച്ചു. ചൂതാട്ടം ഉപജീവന മാർഗ്ഗമായി കരുതിയവർപോലും അത്തരം അഹോവൃത്തി മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് വിശ്വാസസ്നാനം സ്വീകരിച്ചു. ആഭരണങ്ങൾ എന്നെന്നേക്കുമായി സ്വമനസ്സാലെ ഊരിമാറ്റിക്കളഞ്ഞതിനു ശേഷമാണ് (ആഭരണഭാരം കൂടാതെ) അവർ സ്നാനക്കടവിലേക്ക് നടന്നത്. മദ്യവില്പനക്കാരും പുകയില വ്യാപാരികളുമായ പുരുഷന്മാർ അവരുടെ കടകൾ സ്വയം പൂട്ടുകയാണു ചെയ്തത്. "രസം കൊല്ലികൾ" "കൊടി വെട്ടികൾ" തുടങ്ങിയ പരിഹാസലിപ്തമായ അപരനാമങ്ങൾ വിളിച്ച് ചുറ്റുപാടുമുള്ളവർ അവരെ തരം താഴ്ത്തിയപ്പോഴും അവർ സ്വീകരിച്ച പുതിയ പാതയിൽ നിന്ന് വ്യതിചലിച്ചില്ല.

ആഭരണ വർജ്ജനം ഭാര്യമാർ ഭർത്താക്കന്മാരിലോ ഭർത്താക്കന്മാർ ഭാര്യമാരിലോ അടിച്ചേല്പിച്ചതല്ല. സഭാമേലധികാരികളുടെ സമ്മർദ്ദവും പിന്നിലില്ലായിരുന്നു. പരിശുദ്ധാത്മാവ് ഹൃദയങ്ങളിൽ ക്രിയ ചെയ്ത

പ്പോൾ, വ്യക്തിക്കും സമൂഹത്തിനും ഒരുപോലെ ദോഷം ചെയ്യുന്ന, പണവും സമയവും പാഴാക്കുന്ന അനവധി പാരമ്പര്യങ്ങൾ വിശ്വാസികൾ സ്വയം ഉപേക്ഷിക്കയാണു ചെയ്തത്. സഭാമണ്ഡലത്തിൽ ആത്മപ്പകർച്ച ഉണ്ടായപ്പോൾ ദൈവജനം വേർപാടു പാലിക്കേണ്ടവരാണെന്ന കലശലായ ബോധം വിശ്വാസികൾക്കുണ്ടായി. പ്രപഞ്ച മോഹങ്ങളെ വിട്ടൊഴിഞ്ഞ് ക്രിസ്തുവിന്റെ വിനയം ധരിച്ച മനസ്സിനോട് ഏകീഭവിച്ച് മുന്നോട്ടു നീങ്ങണം എന്ന ആഗ്രഹമാണ് ആഭരണ വർജ്ജനത്തിന് തുടക്കം കുറിച്ചത്. ഈ വിനയഭാവമാണ് വർജ്ജന നിയമങ്ങൾ ചോദ്യം ചെയ്യാതെ അനുസരിക്കുവാൻ അവർക്ക് തുണ നിന്നത്.

വാദിച്ചും ചർച്ച ചെയ്തും തെളിയിക്കാനോ അനുസരിപ്പിക്കാനോ കഴിയുന്ന കാര്യങ്ങളല്ല ആഭരണ വർജ്ജനം പോലെയുള്ള വിഷയങ്ങൾ. വാദപ്രതിവാദത്തിലൂടെ സഭയിൽ കടത്തിയ കാര്യങ്ങളല്ല ഇവ. പിന്നെയോ, ദൈവാത്മപൂർണ്ണരായ ജനം സ്വയം ഏറ്റെടുത്ത അച്ചടക്ക വ്യവസ്ഥകളായിരുന്നു ഇവ. ആത്മപൂർണ്ണരായ ദൈവദാസന്മാർ ലളിതജീവിതത്തിലേക്ക് ജനത്തെ ആഹ്വാനം ചെയ്തു. ക്രിസ്തുവിന്റെ "ഭാവം" ധരിച്ചിരുന്ന വിശ്വാസികൾ മുട്ടാത്തർക്കങ്ങൾ മുമ്പിൽ വയ്ക്കാതെ അവ അനുസരിക്കുവാൻ തയ്യാറാവുകയും ചെയ്തു. തലച്ചോറിലല്ല, പകരം ഹൃദയത്തിൽ ഉടലെടുത്ത പ്രമാണങ്ങളിലൊന്നാണ് ആഭരണ നിയന്ത്രണം.

"വേർപാടിന്റെ" ദൂതിൽ ആഭരണ വർജ്ജനവും മദ്യവർജ്ജനവും ഉണ്ടായിരുന്നു. ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു. അതു ക്രിസ്തുവിനുവേണ്ടി വേർതിരിക്കപ്പെട്ടതാണ്. അതിൽ ആഡംബരത്തിന്റെ ചിഹ്നങ്ങളൊന്നും പാടില്ല. ആഭരണം ആഡംബരമാണ്. ഇതൊക്കെ പെന്തക്കോസ്തു സന്ദേശത്തിന്റെ ഭാഗമായിരുന്നു.

ഈ സന്ദേശത്തിന്റെ മുമ്പിൽ തങ്ങളെ സ്വയം വിനയപ്പെടുത്തിയവരിൽ ചിലർ അവരുടെ ആഭരണങ്ങൾ വില്ക്കാൻ തീരുമാനിച്ചു. വിറ്റുകിട്ടിയ പണം കൂടി മിഷനറി ഫണ്ടിലേക്ക് സംഭാവന ചെയ്ത് അവരുടെ വിശ്വാസം പ്രായോഗിക തലത്തിൽ എത്തിച്ചു. ആരും നിർബന്ധിച്ചിട്ടു ചെയ്തതല്ല.

കത്തോലിക്കാ സഭയുടെ ബഹുമാന്യ കന്യാസ്ത്രീകളിൽ ഒരു വലിയ കൂട്ടം ആഭരണവർജ്ജനം പാലിക്കുന്നു. ഗാന്ധിജിയും കസ്തൂർബാ ഗാന്ധിയും ആഭരണം വർജ്ജിച്ചിരുന്നു. നമ്മുടെ രാഷ്ട്രപിതാവിന്റെ പ്രേരണമൂലം ഇന്ത്യയിലുടനീളം പതിനായിരക്കണക്കിന് സ്ത്രീപുരുഷന്മാർ ആഭരണങ്ങൾ ഉപേക്ഷിച്ചിട്ടുണ്ട്. ഇവയൊന്നും അടിച്ചേല്പിച്ച അച്ചടക്ക വ്യവസ്ഥകളല്ലായിരുന്നു. പുറത്തുള്ളവർ ഇവ ആത്മസംയമനത്തിന്റെ ഭാഗമായി കരുതി. വിശ്വാസികളാണെങ്കിൽ ഇവയെ ഭേദാഭേദങ്ങളെ വിവേചിക്കുന്ന പരിശുദ്ധാത്മാവിന്റെ സത്ഫലങ്ങളിലൊന്നായി കരുതി.

ആഭരണം ധരിക്കുന്നവരെ വിമർശിച്ചാൽ അവർ പ്രാർത്ഥനാ കൂട്ടായ്മകളിൽ സംബന്ധിക്കുവാൻ മടിക്കുമെന്നും, ഒടുവിൽ അവർ പിന്മാറി നരകത്തിൽ ചെന്നു വീണാൽ അതിന്റെ ഉത്തരവാദികൾ ശുദ്ധീകരണവാദികൾ ആയിരിക്കുമെന്നും ഒക്കെ പറഞ്ഞ് പാരമ്പര്യവാദികളെ ഭയപ്പെടുത്തുവാൻ ചില മെഗാചർച്ച് പാസ്റ്റർമാർ ശ്രമിക്കാറുണ്ട്. യാഥാസ്ഥിതിക പെന്തക്കോസ്തുകാരെ "ലീഗലിസ്റ്റു"കളായി തരം താഴ്ത്തിയാണ് അവർ ആക്ഷേപിക്കുന്നത്. വിശുദ്ധിയുടെ പ്രമാണങ്ങൾ വെറും "മതം" ആണ്; മാർഗ്ഗം അല്ലെന്നുപോലും.

ശുദ്ധീകരണവാദികളുടെ വായ് അടപ്പിക്കാനുള്ള ഒരു തന്ത്രം മാത്രമാണ് പരിഷ്ക്കാരവാദികൾ ഉന്നയിക്കുന്ന ഇത്തരം ആക്ഷേപങ്ങൾ. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന് രക്ഷിക്കപ്പെടാത്ത ഒരു തത്വശാസ്ത്രജ്ഞൻ പണ്ടു പറഞ്ഞതാണ് ഇവരുടെ വേദവാക്യം. യേശുക്രിസ്തുവോ ശിഷ്യന്മാരോ മതത്തെ തള്ളിപ്പറഞ്ഞിട്ടില്ല. "പവിത്രവും കളങ്കരഹിതവുമായ മതം" എന്നാണ് യാക്കോബ് അപ്പൊസ്തൊലൻ മതത്തെ വിശേഷിപ്പിച്ചത് (1:27). മലയാളം ബൈബിളുകൾ "മത"ത്തിന്റെ സ്ഥാനത്ത് 'ഭക്തി' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ മൂലഭാഷയിലും (ഗ്രീക്ക്) ഇംഗ്ലീഷ് ബൈബിളുകളിലും 'മതം' എന്ന വാക്കുതന്നെയാണ് ഈ വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്. മതത്തെപ്പറ്റി നാണക്കേടൊന്നും തോന്നേണ്ട ആവശ്യമില്ല. സത്യമതം അഭിമാനകരമാണ്. വ്യാജമതം പിന്തുടരരുത് എന്നു മാത്രം.

യഥാർത്ഥത്തിൽ ആഡംബരരഹിത ജീവിതം "മത"ത്തിന്റെ ഭാഗമല്ല, "മാർഗ്ഗ"ത്തിന്റെ ഭാഗമാണ്. ആർഭാടത്തിന്റെ, ആഭരണഭ്രമം ക്ഷണിച്ചുവരുത്തുന്ന കടബാധ്യതകളുടെ, സൗന്ദര്യം വർദ്ധിപ്പിക്കാനുപയോഗിക്കുന്ന രാസദ്രവ്യങ്ങളുണ്ടാക്കുന്ന രോഗങ്ങളുടെ ബന്ധനങ്ങളിൽനിന്ന് മറ്റുള്ളവരെ വിടുവിച്ചെടുക്കുകയാണ് ശുദ്ധീകരണവാദികളുടെ ലക്ഷ്യം. ഇത് ഒരു സാമൂഹ്യസേവനം കൂടിയാണ്. ഇത് ആരേയും മയക്കുന്ന മരുന്നല്ല. പകരം ആർഭാടഭ്രമത്തിൽ മയങ്ങി കിടക്കുന്നവരെ സുബോധത്തിലേക്കു നയിക്കുന്ന വിടുതലിന്റെ പ്രമാണമാണ്. 2 തെസ്സലൊനികൃർ 2:15 ഉം 1 കൊരിന്ത്യർ 11:2 ഉം ശ്രദ്ധിച്ചാലും. നല്ല "പാരമ്പര്യങ്ങൾ" മുറുകെ പിടിക്കണം എന്നാണ് മൂലഭാഷയായ ഗ്രീക്കിലും മിക്ക വിവർത്തനങ്ങളിലും. അപ്പൊസ്തൊലന്മാർ നൽകിയ "പ്രമാണങ്ങളെ," "കല്പനകളെ" പാലിക്കണം എന്നാണ് ബൈബിൾ സൊസൈറ്റിയുടെ വിവർത്തനത്തിൽ. ആഭരണവർജനം പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ പൂർവ്വപിതാക്കളും പൂർവ്വമാതാക്കളും അനുവർത്തിച്ച നല്ല "പാരമ്പര്യ"ങ്ങളിലൊന്നായി ഈ ലേഖകൻ കാണുന്നു.

എന്നാൽ, പാരമ്പര്യവാദികൾ ഒരു കാര്യം വിനയപൂർവ്വം അംഗീകരിച്ചേ പറ്റൂ. ആരേയും വിധിക്കാനോ ശപിക്കാനോ തരംതാഴ്ത്താനോ ദൈവം പെന്തക്കോസ്തുകാർക്ക് ലൈസൻസ് നൽകിയിട്ടില്ല. ഒരു വ്യക്തിയുടെ നിത്യത തീരുമാനിക്കുന്നത് പെന്തക്കോസ്തുകാർ അല്ല, ദൈവം മാത്രമാണ്. ആ ദൈവം കാരുണ്യവാനാണ്, സ്നേഹമൂർത്തിയാണ്. അപ്പോൾ തന്നെ, ഏതൊരു പ്രസ്ഥാനത്തിനും അതിന്റെ സുഗമമായ നടത്തി

പ്പിനാവശ്യമായ അച്ചടക്ക വ്യവസ്ഥകൾ, നിയന്ത്രണ പ്രമാണങ്ങൾ എഴുതിയുണ്ടാക്കാൻ സ്വാതന്ത്ര്യമുണ്ട്. സഭ കുത്തഴിഞ്ഞ ഒരു പുസ്തകമല്ലല്ലോ.

ആഭരണങ്ങൾ ധരിക്കാത്തതുകൊണ്ട് നാം മറ്റുള്ളവരെക്കാൾ "പരിശുദ്ധരാ"ണെന്നുള്ള അഹംഭാവവും നമുക്കുണ്ടാകാൻ പാടില്ല. ദൈവം വെറുക്കുന്ന കാര്യങ്ങളിലൊന്നാണ് അഹന്ത. അന്യരെ ശപിക്കാതെ, ഒറ്റപ്പെടുത്താതെ, വിധിക്കാതെ സ്നേഹപൂർവ്വമായിരിക്കണം നമ്മുടെ പ്രമാണങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത്. പ്രാർത്ഥന തേടിവരുന്ന ആഭരണധാരികളെ അവഹേളിക്കാനോ തരംതാഴ്ത്താനോ പാടില്ല.

ആത്മബലത്തേക്കാൾ ആൾബലത്തിന് തൂക്കം നൽകുന്ന ഒരു സഭാ ലോകമാണ് നമ്മുടെ ഏറ്റവും വലിയ ഭീഷണി. അനവധി സുവിശേഷകന്മാർ ഇന്ന് ഇടുക്കവും ഞെരുക്കവും ഉള്ള വഴി വെട്ടിത്തുറന്ന്, ഏതു ഭീമനും പെട്ടെന്ന് അനായാസമായി നടന്നു മുന്നേറാവുന്ന വിശാലമായ നാഷണൽ ഹൈവേകൾ നിർമ്മിക്കുന്ന ശുശ്രൂഷയിലാണ് ▣

---

**അനുബന്ധം:** ഏഴംകുളം സാംകുട്ടി ഈയിടെ എഴുതിയ ഒരു കത്ത് താഴെ ചേർക്കുന്നു.

To:

Pastor T. J. Abraham
Director, Faith & Action Ministries
Indian Pentecostal Church, Kumbanad

പ്രിയപ്പെട്ട മോനച്ചൻ,

അമേരിക്കയിൽ വിവാഹമോതിരം അണിയാത്ത സ്ത്രീകളെ അന്യപുരുഷന്മാർ ശല്യപ്പെടുത്തുമെന്നും, മോതിരം കൈവിരലിൽ കാണാത്ത പുരുഷന്മാരെ സ്ത്രീകൾ മോഹിച്ച് വശീകരിക്കുമെന്നും ആരോ നാട്ടിൽ ഒരു ചർച്ചായോഗത്തിൽ വച്ച് പറഞ്ഞതായി ഫോണിൽ അറിയിച്ചല്ലോ. ഇതിന്റെ നിജസ്ഥിതി അറിയാൻ താത്പര്യം പ്രകടിപ്പിച്ചതുകൊണ്ട് ഞാൻ വിവരം ധരിപ്പിക്കുകയാണ്.

1970 ൽ, നാല്പത്തിരണ്ടു വർഷം മുമ്പാണ് ഒരു വിദ്യാർത്ഥിയായി ഞാൻ അമേരിക്കയിൽ എത്തിയത്. 1978 ലാണ് ഞാൻ വിവാഹിതനായത്. ഇന്നേവരെ എന്നെയോ എന്റെ ഭാര്യ പുഷ്പയേയോ ഞങ്ങൾ വിവാഹമോതിരം ധരിച്ചിട്ടില്ല എന്ന കാരണത്താൽ ആരും ശല്യപ്പെടുത്തിയിട്ടില്ല.

അല്ല, വല്ല കാരണവശാലും മോതിരം ഇല്ല എന്നതിന്റെ പേരിൽ ആരെങ്കിലും ഞങ്ങളെ ശല്യപ്പെടുത്താൻ ഒരുമ്പെട്ടാൽ "ഞാൻ വിവാഹിതനാണ്," "വിവാഹിതയാണ്" എന്ന ഒറ്റ വാക്കുകൊണ്ട് അവരുടെ അസുഖം പരിഹരിക്കാവുന്നതേയുള്ളു. അന്യരുടെ ശല്യം ഒഴിവാക്കാൻവേണ്ടി മോതിരം ധരിക്കേണ്ട ഒരാവശ്യവും ഇതേവരെ ഞങ്ങൾക്ക് ഉണ്ടായിട്ടില്ല.

കേരളത്തിലെ പെന്തക്കോസ്തു വനിതകൾ വിവാഹ മോതിരമോ മിന്നോ ധരിക്കാറില്ല. മിന്നു കെട്ടിയിട്ടില്ല എന്നതിന്റെ പേരിൽ ജോലി സ്ഥലത്തുവച്ചോ ബസിൽവച്ചോ നമ്മുടെ സഹോദരിമാരെ ആരെങ്കിലും ശല്യപ്പെടുത്തിയിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല. നേരെമറിച്ച്, മിന്നും കെട്ടുതാലിയും വിവാഹമോതിരവും ഒക്കെ ധരിച്ച വനിതകളെ ആണ് തസ്ക്കരന്മാർ ആക്രമിക്കുന്നത്. പണ്ടുകാലത്ത് അമേരിക്കയിലും അനവധി പെന്തക്കോസ്തു ദമ്പതികൾ വിവാഹമോതിരം ധരിച്ചിരുന്നില്ല. പ്രത്യേകിച്ച് മംഗല്യമോതിരം ധരിക്കാതെ നടക്കുന്ന വെള്ളക്കാരായ അനേക ദൈവദാസന്മാരെ ഞാൻ കണ്ടിട്ടുണ്ട് – സഹോദരിമാരെയും. ഇവരെ ആരെയും വഴിനീളെ പൂവാലന്മാരോ തരുണികളോ ശല്യപ്പെടുത്തിയതായി കേട്ടിട്ടുപോലുമില്ല.

ആഭരണമോഹികൾ മുമ്പോട്ടുവയ്ക്കുന്ന കുരുട്ടുന്യായങ്ങൾക്ക് വില കല്പിക്കരുതേ എന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

December 12, 2012 — Ezhamkulam Samkutty

---

**"Today's Liberal Churches: Tomorrow's Problems"**

By Dr. Ezhamkulam Chacko Samkutty, MA, Ph.D. Copyright: E. C. Samkutty
First Published: December 2012; Jeevan Books, P. O. Box 61, Adur - 691 523.
Printed at: Darsana Printers, Thottabhagom, Thiruvalla.
ecsamkutty@hotmail.com; ecsamkutty@yahoo.com.